## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.239 02.03.2020 ൽ മറുപടിക്ക്

## പെരുവള്ളൂർ സി.എച്ച്.സി

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി. | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പെരുവള്ളൂർ സി.എച്ച്.സി.യിൽ കിടത്തി ചികിത്സയ്ക്ക് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്ഥലം എം.എൽ.എ. യുടെ കത്ത് സഹിതം തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ നിവേദനം ലഭിച്ചിട്ടുണ്ടോയെന്നറിയിക്കാമോ; | (എ) | പെരുവള്ളൂർ സി.എച്ച്.സി.യിൽ കിടത്തി ചികിത്സയ്ക്ക് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്ഥലം എം.എൽ.എ.യുടെ കത്ത് സഹിതം തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ നിവേദനം ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പ് 04.01.2020 തീയതിയായി എം1/95/2019 നമ്പർ ഫയലിൽ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | 12.02.2020 ലെ എം.1/95/2019/ആ.കു.വ. നമ്പർ സർക്കാർ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ബ്ലോക്ക് പഞ്ചായത്തിന്റെ സ്വന്തം ചെലവിൽ സ്റ്റാഫ് നിയമനം നടത്താൻ തയ്യാറാണെന്ന് ബ്ലോക്ക് പഞ്ചായത്ത് രേഖാമൂലം സർക്കാരിനെ അറിയിച്ചിട്ടുണ്ടോയെന്നും ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ തയ്യാറാവുമോ എന്നും വ്യക്തമാക്കാമോ; | (സി) & (ഡി) | ആരോഗ്യ വകുപ്പ് ഡയറക്ടർ പി.എൽ.ബി.3/12273/2020 എന്ന നമ്പർ ഫയലിൽ ജില്ലാ മെഡിക്കൽ ഓഫീസറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | സ്റ്റാഫ് നിയമനം നടത്താൻ ബ്ലോക്ക് പഞ്ചായത്ത് തയ്യാറായിട്ടും ഇക്കാര്യത്തിൽ തീരുമാനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ആരോഗ്യ വകുപ്പ് ഡയറക്ടർ ഓഫീസ് ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കാമോ? | | |

Hari

സെക്ഷൻ ഓഫീസർ